TB Movie Club Weekly Review **#MovieClub**

ആയിഷ.

OTT : Amazon Prime

എഴുതിയത് : Jayadevan Karakulam

കേരള നവോത്ഥാനത്തിന്റെ ഏടുകളിലെ വിപ്ലവ നായികയാണ് നിലമ്പൂർ ആയിഷ. വാപ്പയുടെ മരണത്തോടെ സമ്പന്നതയിൽ നിന്ന് ദാരിദ്രത്തിലേക്ക് കൂപ്പു കുത്തിയ കുടുംബത്തിന്റെ നിവർത്തികേട് മുതലാക്കി എത്തിയ ഒരു 45 വയസ്സുകാരൻ 13 വയസ്സുകാരിയായ ആയിഷയെ നിക്കാഹ് ചെയ്തു. ഏതാനും ആഴ്ചകൾ മാത്രം നീണ്ട വിവാഹബന്ധം അവസാനിക്കുമ്പോൾ ആയിഷ ഗർഭിണിയായിരുന്നു.. തന്റെ കുട്ടിക്ക് ഒരു വയസ്സുള്ളപ്പോൾ ആണ്. നാടിനേയും സമുദായത്തെയും ഞെട്ടിച്ചു കൊണ്ട് ആയിഷ ആ തീരുമാനം എടുത്തത് "കുടുംബം പുലർത്താൻ നാടകത്തിൽ അഭിനയിക്കുക". രക്ഷിക്കാൻ കഴിവില്ലാത്തവർ തന്നെ ശിക്ഷിക്കാനും വരേണ്ട എന്ന് സമൂഹത്തോട് പറഞ്ഞു കൊണ്ടാണ് മലയാള ചരിത്രത്തിലെ ആദ്യ മുസ്ലിം അഭിനയത്രി കലാ ലോകത്തിലേക്ക് കാലെടുത്തു വെക്കുന്നത്. മലയാളത്തിലെ ആദ്യ കളർ സിനിമയായ 'കണ്ടം ബെച്ച കൊട്ട്' മുതൽ ഇങ്ങോട്ട് അമ്പതിലേറെ വർഷങ്ങൾ നീണ്ടു നിൽക്കുന്ന അവരുടെ അഭിനയ ജീവിതം എല്ലാവർക്കും പരിചിതമാണ്. എന്നാൽ നിലമ്പൂർ ആയിഷയുടെ പ്രവാസി ജീവിതവും അനുഭവങ്ങളും കഥകളും പലർക്കും അപരിചിതമാണ്. ഈ സിനിമയിൽ സംവിധായകൻ സഞ്ചരിക്കുന്നത് ഈ ഇടുകളിലൂടെയാണ്..

ആമിർ പള്ളിക്കലിന്റെ സംവിധാനത്തിൽ ആഷിഫ് കക്കോടിയുടെ കഥയിൽ വിഷ്ണു ശർമ്മ ഛായഗ്രഹണം നിർവഹിച്ചു M ജയചന്ദ്രൻ സംഗീതം നൽകി സക്കറിയ മുഹമ്മദ് നിർമിച്ച ഒരു ദൃശ്യ വിസ്മയം.. ഒരുപാട് പറയേണ്ടിയിരുന്ന ഒരു സമര ജീവിതത്തെ വളരെ ചെറുതായി ചുരുക്കി പറഞ്ഞ ഒരു ചിത്രം..നന്മകളേയും ചില രാഷ്ട്രീയ ശരികളേയും വളരെ പ്രകടമായി ഊട്ടി ഉറപ്പിക്കുന്ന രംഗങ്ങൾ... നമ്മളെ പിടിച്ചിരുത്തുന്ന കഥ പറച്ചിൽ ... സൗദി അറേബ്യയിലെ കൊട്ടാര സമാനമായ ഒരു വീട്ടിൽ ജോലിക്ക് എത്തുന്ന ആയിഷയും, മാമ എന്ന പേരുള്ള അവിടുത്തെ വൃദ്ധയായ ഗൃഹ നായികയും തമ്മിലുള്ള ഇണക്കങ്ങളും പിണക്കങ്ങളും നിറഞ്ഞ മനോഹരമായ ഒരു ബന്ധത്തിന്റെ കഥ കൂടിയാണ് ഈ സിനിമ.

പിന്നെ മലയാള സിനിമ ആണെങ്കിലും കൂടുതലും തമിഴും ഹിന്ദിയും അറബിയും സംസാരിക്കുന്ന കഥാപാത്രങ്ങൾ ...സിനിമയുടെ ക്യാമറ ആണെങ്കിൽ ഓരോ നാടിനും ആ നാട്ടിലെ സംഭവങ്ങൾക്കും അനുസരിച്ചു കൺസിസ്റ്റന്റെ ആയി മികച്ചു നിന്നു...സിനിമയുടെ പല രീതിയിൽ ഉള്ള ചിതറി പോക്കലുകൾക്ക് ഇടയിലും വളരെ ഭംഗി ആയി

തോന്നിയത് ഛായാഗ്രഹണം ആയിരുന്നു.. പാട്ടുകൾ അനവസരത്തിൽ ഉള്ളതായി തോന്നി...പിന്നെ കൃത്യമായ രാഷ്ട്രീയ ലക്ഷ്യത്തോടെ നിർമ്മിച്ചൊരു സിനിമ ആണ് 'ആയിഷ' എന്ന് പറയാതിരിക്കാൻ വയ്യ....

ശേഷം സ്ക്രീനിൽ🙏